# ദി പിൽഗ്രിംസ് പ്രോഗ്രസ്സ്

ജോൺ ബന്യൻ (1628 - 1680) ന്റെ ഇംഗ്ലീഷ് നോവലാണ് നമ്മുടെ മുന്നിൽ. ബൈബിൾ കഴിഞ്ഞാൽ സാർവ്വത്രികമായി അംഗീകാരം നേടിയിട്ടുള്ള വിശിഷ്ടകൃതിയാണിത്. ഇത് കാലത്തേയും സമയത്തേയും അതിജീവിക്കുന്ന ഒരു ആത്മീയഗ്രന്ഥമായി കരുതാം.

പ്യൂരിട്ടൻ പ്രസ്ഥാനത്തിന്റെ പ്രമുഖനായ വക്താവും പ്രയോക്താവുമായിരുന്നു ജോൺ ബന്യൻ. എല്ലാത്തരം സംഘടനകളേയും നിരാകരിക്കുന്ന വ്യക്തിയായിരുന്നു. അനൗപചാരികമായ ജ്ഞാനസമ്പാദനം വ്യക്തിയുടെ ആന്തരികമായ ദർശനത്തിലുള്ള ദൃഢമായ വിശ്വാസം അദ്ദേഹത്തിൽ ഉറപ്പിച്ചു. നിതാന്തമായ സത്യാന്വേഷണമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

പിൽഗ്രിംസ് പ്രോഗ്രസ്സ് തീർത്ഥാടകന്റെ പുരോഗതി എന്ന പേരിലും, പരദേശി മോക്ഷയാത്ര എന്ന പേരിലും മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഈ ഗ്രന്ഥം രണ്ട് ഭാഗങ്ങളായി രചിക്കപ്പെട്ടിട്ടുള്ളതാണെന്ന് കരുതാൻ ന്യായമുണ്ട്. ആദ്യത്തെ ഗ്രന്ഥം (1678) മുഖ്യകഥാപാത്രമായ ക്രൈസ്തവന്റെ കഥ പറയുന്നു. 1684ൽ രചിക്കപ്പെട്ട രണ്ടാമത്തെ ഭാഗത്തിലാകട്ടെ ക്രൈസ്തവന്റെ ഭാര്യ ക്രിസ്റ്റീനയുടേയും രണ്ടു മക്കളുടേയും യാത്രയുടെ കഥയാണ്.

ഗ്രന്ഥകർത്താവ് ഒരു ദിവസം ഒരു സ്വപ്നം കണ്ടു. ക്രൈസ്തവൻ എന്ന പേരിലുള്ള ഒരാളെക്കുറിച്ചായിരുന്നു ആ സ്വപ്നം. ക്രൈസ്തവൻ താൻ വസിക്കുന്ന നഗരം സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നിയിൽ ദഹിച്ചുപോകാൻ തുടങ്ങുകയാണെന്ന ദൃഢമായ വിശ്വാസത്തിന്റെ ഫലമായി സുരക്ഷിതമായ രക്ഷാസ്ഥാനം തേടിയുള്ള യാത്ര ആരംഭിക്കുകയാണ്. രക്ഷിക്കപ്പെടുവാൻ താനെന്താണ് ചെയ്യേണ്ടത്എന്ന പ്രഹേളികയാണ് ക്രൈസ്തവനെ മുന്നോട്ടു കൊണ്ടുപോകുന്നത്. അയാളാദ്യമായി ഒരു "സുവിശേഷകനെ" കണ്ടുമുട്ടുന്നു. വിസ്തൃതമായ ഒ ... ു വയലിനപ്പുറത്തേയ്ക്ക് വിരൽ ... ചൂണ്ടിക്കൊണ്ട് സുവിശേഷ ... കൻ ചോദിച്ചു. "അങ്ങു ദൂരെയാ ... യി ഒരു ഇടുങ്ങിയ വാതിൽ നിങ്ങൾ കാണുന്നുണ്ടോ?" "ഇല്ല" എന്നായിരുന്നു ക്രൈസ്തവന്റെ മറുപടി. അയാൾ തുടർന്നു പറഞ്ഞു: "അവിടെ ഒരു പ്രകാശം കാണുന്നുണ്ട്". സുവിശേഷകൻ, ആ പ്രകാശം ലക്ഷ്യമാക്കി നേരെ പോകാൻ ക്രൈസ്തവനെ ഉപദേശിക്കുകയും "അവിടെ ഒരു വാതിൽ അയാൾ കാണുമെന്നും അതിൽ മുട്ടിയാൽ എന്തുചെയ്യണമെന്ന് ഉപദേശിക്കുവാൻ ഒരാളെ കാണാൻ കഴിയുമെന്നും അയാൾ ഉറപ്പുകൊടുത്തു. തിരക്കുപിടിച്ച് ക്രൈസ്തവൻ പ്രകാശത്തെ നോക്കി യാത്ര തുടരുന്നു.

**പുസ്തകക്ഷേത്രം -11**

**അഡ്വ. പി. രാമദാസ്**

ആ യാത്രയിൽ അയാൾ ലോകജ്ഞാനി, ക്ഷമാശീലൻ, നിയമജ്ഞൻ, ആർദ്രഹൃദയൻ, കപടഭക്തൻ എന്നിവരുമായി കണ്ടുമുട്ടാനും സംഭാഷണം നടത്താനും ഇടയായി. അതിനുംപുറമെ നിരാശാഗർത്തം, തെറ്റായ വഴി എന്നിങ്ങനെ ചില ആപത്ഘട്ടങ്ങളും അയാൾക്ക് തരണംചെയ്യേണ്ടതായി വരുന്നുണ്ട്. അതിനുശേഷം ക്രിസ്ത്യാനി വൈഷമ്യപർവ്വതത്തിൽ എത്തിച്ചേർന്നു. അവിടെ ഒരു കൊട്ടാരമുണ്ടായിരുന്നു. ജാഗ്രത എന്ന കാവൽക്കാരനോടും വിവേകം എന്ന കന്യകയോടും ഭക്തി, ഔദാര്യം, സ്വബുദ്ധി എന്നിവരോടുംകൂടി ക്രൈസ്തവൻ ആ കൊട്ടാരത്തിൽ പ്രവേശിച്ചു. അവർ പിന്നീട് ഭൗതികജീവിതം ഉപേക്ഷിച്ചുകഴിഞ്ഞതായി അറിഞ്ഞു സ്വർഗ്ഗവാതിലിലെത്തി. ദേവദൂതന്മാർ ക്രൈസ്തവനെ സ്വീകരിക്കുന്നതോടുകൂടി ഒന്നാംഭാഗം അവസാനിക്കുകയാണ്.

ക്രൈസ്തവന്റെ ഭാര്യ ക്രിസ്റ്റീനയുടേയും മക്കളുടേയും യാത്രാവിവരണമാണ് രണ്ടാംഭാഗം. മഹാഹൃദയൻ എന്ന ഒരാളാണ് അവരുടെ മാർഗ്ഗദർശിയായിത്തീരുന്നത്. ഈ യാത്രാസംഘം സ്വർഗ്ഗത്തിലെത്തുന്നതോടുകൂടി രണ്ടാംഭാഗവും അവസാനിക്കുന്നു.

ഒന്നാംഭാഗത്തിലെ കേന്ദ്രകഥാപാത്രമായ ക്രൈസ്തവൻ ഗ്രന്ഥകർത്താവിന്റെ തന്നെ പ്രച്ഛന്നവേഷമാണെന്ന് പറയാം. ക്രൈസ്തവൻ മറ്റു കഥാപാത്രങ്ങളോട് ഇടപഴകുന്നതും മറ്റും ഏറ്റവും തന്മയത്വത്തോടെ ചിത്രീകരിച്ചിരിക്കുന്ന ഈ കൃതി, പിന്നീട് എഴുതപ്പെട്ടിട്ടുള്ള ഇംഗ്ലീഷ് ആഖ്യായികകൾക്ക് ഒരു പരിധിവരെ മാതൃകയായിത്തീർന്നിട്ടുണ്ടെന്ന് പറയാം.